II ഇ.ബി. XIകേരള നിയമസഭ/IV18

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 11, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

135 (* 414) പേര്യ മരം മുറിക്കലിനെക്കുറിച്ചുള്ള അന്വേഷണം

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ.സുധാകരൻ) നൽകിയ മറുപടിയിൽ, പേര്യ മരംമുറിക്കലിനെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതിനായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സി.ബി.ഐ.യെ ചുമതലപ്പെടുത്തിയിരിക്കുകയാണെന്ന് സഭയെ_അറിയിച്ചു. വനം വിജിലൻസ് വിഭാഗവും റവന്യൂ സെക്രട്ടറിയും സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, പേര്യാ റെയിഞ്ചാഫീസർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് എന്നിവരുടെ പേരിൽ ഗുരുതരമായ കൃത്യ വിലോപത്തിന് ശിക്ഷണനടപടികൾ സ്വീകരിക്കണം; സർക്കാർ വക വനം സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുന്നതിനുവേണ്ടി വ്യാജറിക്കാർഡുകൾ ചമയ്ക്കുകയും തെറ്റായ വിവരങ്ങൾ നൽകുകയും ചെയ്ത റവന്യൂ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കണം; റീസർവെ നം.88/1 എ3–യിൽ 24.0021 ഹെക്ടർ സ്ഥലമുണ്ടായിരുന്നിട്ടും 3.2000 ഹെക്ടർ സ്ഥലത്തിന്റെ മാത്രം അതിര് അടയാളപ്പെടുത്തുകയും 20.8021 ഹെക്ടർ സ്ഥലം അതിരടയാളപ്പെടുത്താതെ ഒഴിവാക്കിയതിനെക്കുറിച്ച് അന്വേഷണം നടത്തണം എന്നീ ശുപാർശകളാണ് ഉള്ളത്. നോർത്ത് വയനാട് ഡിവിഷനിലെ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, പേര്യ റേഞ്ച് ആഫീസർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ ജീവനക്കാർ എന്നിവർക്കും റവന്യൂ വകുപ്പിലെ മാനന്തവാടി (എൻ.ആർ) സ്പെഷ്യൽ തഹസീൽദാർ, മാനന്തവാടി ലാന്റ് ട്രൈബ്യൂണൽ എന്നിവർക്കും ഈ മരം മുറിയിൽ പങ്കുള്ളതായി അന്വേഷണ റിപ്പോർട്ടിൽ കാണുന്നു. 1,20,31,649 രൂപ മതിപ്പുവിലയുള്ള 431 വിവിധ

ഇനം മരങ്ങൾ മുറിച്ചതായാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. മുറിച്ച മരങ്ങൾക്ക് വിലയും നികുതിയും പലിശയുമടക്കം 1,07,58,882 രൂപ കോടതി നിക്ഷേപമായി
ലഭിച്ചിട്ടുണ്ട്. ഒ.പി. ഇപ്പോഴും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇതിന് ഉത്തരവാദികളെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റിലെ 8 ഉദ്യോഗസ്ഥരുടെ പേരിലും നടപടി സ്വീകരിച്ചിട്ടുണ്ട്. സി.ബി.ഐ. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമേ കൂടുതൽ നടപടികൾ സ്വീകരിക്കാനാകൂ. വെസ്റ്റഡ് ഫോറസ്റ്റ് ആയ പേര്യയിൽ രേഖയിൽ കൃത്രിമം കാണിച്ചാണ് മരം മുറിക്കാനുള്ള സാഹചര്യം ഉണ്ടാക്കിയത്. കോഴിക്കോട് ഫ്ളൈയിംഗ് സ്ക്വാഡ് ഡി.എഫ്. ഒ.യ്ക്ക് ലഭിച്ച ഫോൺ സന്ദേശത്തെ തുടർന്നാണ് ഇതിനെക്കുറിച്ച് അന്വേഷണം നടത്താൻ വനം വകുപ്പിന് സാധിച്ചത്. കൃത്രിമ രേഖകൾ ചമച്ച് വനഭൂമിയിൽ നിന്നും അനധികൃതമായി മരം മുറിക്കുന്നത് തടയുന്നതിന് റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി നടപടിയെടുക്കാനുള്ള ഉറച്ച തീരുമാനം എടുത്തിട്ടുണ്ട്. വന സമ്പത്ത് സംരക്ഷിക്കുന്നതിന് റവന്യൂ-വന നിയമങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഒരു പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് പര്യാലോചിക്കുന്നതാണ്. നിയമത്തിനകത്ത് പഴുതുകളുണ്ടാക്കി ഗവൺമെന്റ് വക്കീലന്മാരെ സ്വാധീനിച്ച് നിക്ഷിപ്ത വനഭൂമി പതിച്ചെടുക്കുന്നതിനും മരം മുറിക്കുന്നതിനുമുള്ള വിധി സമ്പാദിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ വക്കീലന്മാരുടെ പെർഫോമൻസ് പരിശോധിച്ച് എ.ജി.യിൽ നിന്നും റിപ്പോർട്ട് വാങ്ങാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

136 (*415, *428, *435) <u>കശുമാവ് കൃഷി പുനരുദ്ധരിക്കാൻ നടപടി</u>

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ) നൽകിയ മറുപടിയിൽ, 2000-01-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് 92,122 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്തുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കശുമാവ് കൃഷി വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ഈ സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 400 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. കശുമാവ് കൃഷി പുനരുദ്ധാരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ, പ്രോജനി തോട്ടങ്ങൾ സ്ഥാപിക്കൽ , കശുമാവ് കൃഷിയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും വേതനം/മറ്റുചെലവുകൾക്കുമായി ഈ തുക ചെലവാക്കുന്നതാണ്. ഈ വർഷം 5500 ഹെക്ടർ സ്ഥലത്തെ കശുമാവ് കൃഷി പുനരുദ്ധരിക്കുന്നതിന് 330 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തേയിലകൊതുക്, തണ്ടുതുരപ്പൻ എന്നീ കീടങ്ങൾക്കെതിരെ മരുന്നു തളിക്കുന്നതിന് 5000 ഹെക്ടറിന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഇതര സ്ഥാപനങ്ങളിലും സ്വകാര്യ വ്യക്തികൾക്കും കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നതിന് 30 പ്രോജനി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ നഴ്സറിക്കും 400 മാതൃവൃക്ഷത്തൈകൾ കേരള കാർഷിക സർവകലാശാല വിതരണം ചെയ്യുന്നതാണ്. ഗ്രാഫ്റ്റിന്റെ വില, ട്രാൻസ്പോർട്ടേഷൻ, നടീൽ, മറ്റു ചെലവുകൾ എന്നിവയ്ക്ക് 10,000 രൂപ ധനസഹായം നൽകുന്നതാണ്. കശുമാവ് കൃഷിയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവയ്ക്കുള്ള പരിഹാരം

നിർദ്ദേശിക്കുന്നതിനും പ്രത്യേക കൺസൾട്ടൻസി മുഖേന സംസ്ഥാന തലത്തിലുള്ള ശില്പശാല സംഘടിപ്പിക്കുന്നതിനുമായി 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ നടത്തിപ്പിനായി ഏർപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ വേതനവും മറ്റു ചെലവുകൾക്കുമായി 15 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. കശുമാവ് വികസനത്തിന്റെ നടപടികൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി വകുപ്പുമന്ത്രി അദ്ധ്യക്ഷയായും കൃഷി ഡയറക്ടർ മെമ്പർ സെക്രട്ടറിയായും ഉള്ള കശുമാവ് വികസന കൗൺസിൽ 11–6–2002–ലെ സർക്കാർ ഉത്തരവുപ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ കാർഷികോല്പാദന കമ്മീഷണർ, കശുമാവ്, കൊക്കോ ഡയറക്ടറേറ്റിലെ ഡയറക്ടർ (കേന്ദ്ര സർക്കാർ) ലീഡ് ബാങ്ക്, നബാർഡ്, കേരള കാർഷിക സർവകലാശാല എന്നിവയിലെ പ്രതിനിധികൾ, കശുമാവ് കർഷകരുടെ മൂന്നു പ്രതിനിധികൾ എന്നിവരും അംഗങ്ങളാണ്. ഈ കൗൺസിൽ കാലാകാലങ്ങളിൽ യോഗം കൂടുകയും പദ്ധതികൾ തീരുമാനിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. പ്രായമായതും ഉല്പാദനക്ഷമത കുറഞ്ഞതുമായ മരങ്ങൾ മുറിച്ചുമാറ്റി അത്യുല്പാദനശേഷിയുള്ള പുതിയ ഇനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് അത്യുല്പാദന ശേഷിയുള്ള ഗ്രാഫ്റ്റുകളുടെ സൗജന്യ വിതരണം നടത്തുന്നതോടൊപ്പം ഗ്രാഫ്റ്റുകൾ നടുന്നതിനും സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കശുമാവ് നഴ്സറികൾ സ്ഥാപിക്കുന്നതിനും കശുമാവ് കർഷകർക്ക് സാമ്പത്തികസഹായവും നൽകിവരുന്നു. കശുമാങ്ങ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവേഷണം നടത്താൻ കാർഷിക സർവകലാശാലയോട് ആവശ്യപ്പെടുന്നതാണ്. തരിശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ ഭക്ഷ്യോൽപന്നങ്ങൾ കൃഷി ചെയ്യുന്നതിന് കെ.എൽ.യു. ഓർഡറിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. രോഗപ്രതിരോധശേഷിയുള്ള കശുമാവിനങ്ങൾ കണ്ടെത്തുന്നതിനായി കാസർകോട് ഒരു കേന്ദ്രം ആരംഭിക്കാൻ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് 3 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. കശുമാവ് കൃഷി വികസന പരിപാടിക്കായി കാർഷിക സർവകലാശാലയും കൃഷി വകുപ്പും സംയുക്തമായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

137 (*416) <u>കാലിത്തീറ്റ സൗജന്യമായി നൽകുവാൻ പദ്ധതി</u>

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കർഷകർ സംരക്ഷിക്കുന്ന നാലു മാസം മുതൽ ആറുമാസം വരെ പ്രായമുള്ള സങ്കര വർഗ്ഗത്തിൽപ്പെട്ട കന്നുക്കുട്ടികൾക്ക് 50% സബ്സിഡി ഇനത്തിൽ കാലിത്തീറ്റ നൽകിവരുന്നുണ്ടെന്നും ഇൻഷ്വറൻസും വൈദ്യസഹായവും ലഭ്യമാക്കുന്നതിനും ആദ്യ പ്രസവം വരെ ഈ സഹായം ചെയ്തുകൊടുക്കുന്നതിനുള്ള സ്കീം ഉണ്ടെന്നും സഭയെ അറിയിച്ചു. ഈ സഹായത്തിനുള്ള ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് പഞ്ചായത്തുകളാണ്. ഈ സാമ്പത്തിക വർഷം 10000 കന്നുകുട്ടികൾക്ക് ഈ പദ്ധതി മുഖേന സഹായം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കേരള ഫീഡ്സും മിൽമയും ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ ക്വാളിറ്റി പരിശോധിക്കുന്നുണ്ട്. കാലിത്തീറ്റയുടെ

ഗുണനിലവാരം ഫുഡ് അഡൽറ്ററേഷൻ ആക്ട് അനുസരിച്ച് പരിശോധിക്കുന്നതിന് ഹെൽത്ത് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

138 (*417) കായിക രംഗത്ത് ഉജ്ജ്വല പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം

വനവും സ്പോർട്സും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കായിക രംഗത്ത് ഉജ്ജ്വല പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോൽസാഹനാർത്ഥം കേരള സ്പോർട്ടസ് കൗൺസിലിന്റെ ആഭിമുഖ്യത്തിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിൽ പ്രവേശനം നൽകി പരിശീലനം നൽകി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സ്പോർട്സ് ഹോസ്റ്റലിൽ താമസിച്ച് പരിശീലനം നേടാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സ്പോർട്സ് ഹോസ്റ്റൽ കുട്ടികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ നൽകുന്നതാണ്. സ്കൂൾ/കോളേജ് തലത്തിലെ മികച്ച കായിക താരങ്ങൾക്കും സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിൽ പഠിത്തത്തിൽ മികവ് കാട്ടുന്ന വിദ്യാർത്ഥികൾക്കും സ്ക്കോളർഷിപ്പ് നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ദേശീയ തലത്തിൽ മെഡൽ നേടുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്ന സ്കീം നിലവിലുണ്ട്. ഇത്തരം വിദ്യാർത്ഥികൾക്കും യുവാക്കൾക്കും സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലുള്ള സെൻട്രലൈസ്ഡ് സ്പോർട്ടസ് ഹോസ്റ്റലുകൾ/ കോളേജ് /സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ ഇവയിൽ പ്രവേശനം നൽകി വിദഗ്ദ്ധ പരിശീലനം നൽകുന്നതാണ്. കേരളത്തിലെ സ്പോർട്സ് താരങ്ങളെ വളർത്തിയെടുക്കുന്നതിന് വിവിധ കോച്ചുകളെ കൊണ്ടുവന്ന് പരിശീലനം കൊടുക്കാനുള്ള ബൃഹത്തായ പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുത്തുകൊണ്ടിരിക്കുകയാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

139(*418) യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ സഹായത്തോടെ കാർഷിക വിളകളുടെ മൊത്ത വ്യാപാര വിപണി ആരംഭിക്കുവാൻ നടപടി

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ സഹായത്തോടെ സംസ്ഥാനത്ത് ആനയറ, നെടുമങ്ങാട് (തിരുവനന്തപുരം) മരട്, മൂവാറ്റുപുഴ (എറണാകുളം) വേങ്ങേരി (കോഴിക്കോട്) സുൽത്താൻബത്തേരി (വയനാട്) എന്നീ സ്ഥലങ്ങളിൽ കാർഷിക മൊത്ത വ്യാപാര വിപണികൾ ആരംഭിക്കുവാൻ കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഇതിൽ മൂവാറ്റുപുഴ വിപണിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

140 (*426) ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾക്കുള്ള വിഹിതം അടയ്ക്കാതിരുന്നതിനെതിരെ നടപടി

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിലെ

കള്ളുഷാപ്പുകൾ സഹകരണ സംഘങ്ങൾ ഏറ്റെടുത്ത് നടത്തിയ കാലഘട്ടത്തിൽ ഷാപ്പുകളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് വിവിധ ജില്ലകളിലെ കള്ളുചെത്ത് സഹകരണ സംഘങ്ങൾ 6,16,69,685 രൂപ ക്ഷേമനിധി വിഹിതം (പ്രോവിഡന്റ് ഫണ്ടും ഗ്രാറ്റുവിറ്റിയും) അടയ്ക്കാൻ കുടിശ്ശിക വരുത്തി

യിട്ടുണ്ടെന്ന് അറിയിച്ചു. ഇത് 18% വാർഷിക പലിശയോടുകൂടി വസൂലാക്കുന്നതിന് റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

141 (*430) <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന വാർഷിക പദ്ധതി അടങ്കൽ 4026 കോടി രൂപയാണെന്ന് അറിയിച്ചു.

142 (*431) <u>കർഷകർക്ക് കടാശ്വാസ പദ്ധതി</u>

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2001-ലെ കാർഷിക കടാശ്വാസ നിയമപ്രകാരം സർക്കാരിലേയ്ക്ക് വീട്ടേണ്ട കാർഷിക കടങ്ങൾ 29-12-2001 മുതൽ ഒരു വർഷത്തേയ്ക്കും സഹകരണ സംഘങ്ങളിലേയ്ക്കുള്ളത് 6 മാസത്തേയ്ക്കും തിരിച്ചടയ്ക്കേണ്ടതില്ലെന്ന് അറിയിച്ചു. അതിനുശേഷം മൊത്തമായോ മുപ്പത് മാസ ഗഡുക്കളായോ ഈ കടം വീട്ടാവുന്നതാണ്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

148 (2646) <u>വിവിധ നികുതിയിനങ്ങളിലായി പിരിഞ്ഞുകിട്ടിയ തുക</u>

2001-2002 സാമ്പത്തിക വർഷത്തിൽ വിവിധ നികുതിയിനങ്ങളിലായി പിരിഞ്ഞുകിട്ടിയ തുക (താൽക്കാലികം) താഴെ കൊടുക്കുന്നു:

| | (രൂപ കോടിയിൽ) |
|---|---|
| വില്പന നികുതി | 4438.86 |
| എക്സൈസ് നികുതി | 541.41 |
| വാഹന നികുതി | 449.70 |
| വൈദ്യുതി നികുതി | 5.18 |
| ഭൂനികുതി | 34.92 |
| മറ്റു നികുതികൾ | 36.10 |

കേന്ദ്ര നികുതി വിഹിതം 1630.70

മോട്ടോർ വാഹന നികുതിയിനത്തിൽ 209.71 കോടി രൂപയും (31.12.2001 വരെ)വില്പന നികുതിയിനത്തിൽ 1547.39 കോടി രൂപയും (30.5.2002 വരെ) കാർഷികാദായ നികുതിയിനത്തിൽ 69.84 കോടി രൂപയും (30.5.2002 വരെ) കുടിശ്ശികയുണ്ട്.

149(2649) <u>കിസ്ത് കുടിശ്ശിക</u>

കിസ്ത് കുടിശ്ശികയിനത്തിൽ 1999–2000–ൽ 4,79,58,231 രൂപയും 2000–2001–ൽ 30,94,41,188 രൂപയും 2001–2002–ൽ 1,76,56,311 രൂപയും പിരിഞ്ഞുകിട്ടാനുണ്ട്.

152(2679,2687) <u>റേഷൻകടകൾ വഴിയുള്ള ഭക്ഷ്യവസ്തുക്കളുടെ വില്പന</u>

സംസ്ഥാനത്ത് റേഷൻ കടകൾ വഴി ഒരു വർഷം വിതരണം ചെയ്യുന്നതിന് 2683482 മെട്രിക് ടൺ അരിയും 2899800 മെട്രിക് ടൺ ഗോതമ്പും 147444 മെട്രിക് ടൺ പഞ്ചസാരയും ആവശ്യമാണ്. കേന്ദ്രത്തിൽനിന്നും പ്രതിമാസം 167804 മെട്രിക് ടൺ അരിയും 37325 മെട്രിക് ടൺ ഗോതമ്പും ലഭിക്കുന്നു.

153(2693) <u>സംസ്ഥാനത്ത് സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ നഷ്ടം</u>

സംസ്ഥാനത്ത് സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ 31.3.2002 വരെയുള്ള സഞ്ചിത നഷ്ടം 278.79 കോടി രൂപയാണ്.

154(2701) <u>കലാകാര പെൻഷൻപദ്ധതി</u>

സംസ്ഥാന കലാകാര പെൻഷൻ പദ്ധതി പ്രകാരം 1500 പേർക്ക് പെൻഷൻ നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 105 കലാകാരൻമാർക്ക് പ്രതിമാസം 400 രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

.......